## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 395

11-12-2012-ൽ മറുപടിക്ക്

### ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം

ശ്രീ. ബാബു. എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) ഗാർഹിക കണക്ഷൻ ഉള്ളവർക്ക് യൂണിറ്റിന് എത്ര രൂപയാണ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്;

(എ) ഗാർഹിക കണക്ഷൻ ഉള്ളവർക്കുള്ള താരിഫിന്റെ വിശദാംശങ്ങൾ താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ദ്വൈമാസ ഉപഭോഗം (യൂണിറ്റിൽ) | ദ്വൈമാസ ഫിക്സഡ് ചാർജ്ജ് (രൂപയിൽ) | എനർജ്ജി ചാർജ്ജ് രൂപ/യൂണിറ്റ് |
|---|---|---|
| 0-80 | സിംഗിൾ ഫേസ് - 40 രൂപ<br>ത്രീ ഫേസ് - 120 രൂപ | 1.50 |
| 81-160 | | 2.40 |
| 161-240 | | 2.90 |
| 241-300 | | 3.60 |
| 301-400 | | 4.80 |
| 401-600 | | 6.00 |
| 601-1000 | | 7.50 |
| 1000 നു മുകളിൽ | | 6.50 (മുഴുവൻ യൂണിറ്റിനും) |

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്

(ബി) സംസ്ഥാന വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബോർഡ് നിലവിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് വൈദ്യുതി ബോർഡ് താഴെ പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

i. എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കളെയും മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75% നിലവിലുള്ള നിരക്കിൽ ഉപയോഗിക്കാൻ അനുവദിക്കുകയും, കൂടുതലായി

ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതലായി വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വില അനുവദിക്കുകയും ചെയ്യുക.

(ii) എൽ.റ്റി – II, എൽ.റ്റി – IV, എൽ.റ്റി – VI(എ), എൽ.റ്റി – VI (ബി), എൽ.റ്റി – VI(സി), എൽ.റ്റി – VII(എ), VII (ബി), VII(സി) തുടങ്ങിയ ഉപഭോക്താക്കളെയും മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75% നിലവിലുള്ള നിരക്കിൽ ഉപയോഗിക്കാൻ അനുവദിക്കുകയും, കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതലായി വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വില ഈടാക്കാൻ അനുവദിക്കുകയും ചെയ്യുക.

(iii) ഗാർഹിക ഉപഭോക്താക്കളെ രണ്ടു മാസത്തേക്ക് 400 യൂണിറ്റ് വൈദ്യുതി, കമ്മീഷൻ അംഗീകരിച്ച നിലവിലെ നിരക്കിൽ ഉപയോഗിക്കാൻ അനുവദിക്കുകയും കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക്, കൂടുതലായി വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വില ഈടാക്കാൻ അനുവദിക്കുക.

ഈ നിർദ്ദേശങ്ങളിൽ കമ്മീഷൻ നാളിതു വരെ അന്തിമ തീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല.

(സി) സംസ്ഥാനത്ത് 2006 മുതൽ 2011 വരെ വർഷങ്ങളിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) 2006-2011 കാലഘട്ടത്തിൽ താഴെ പറയുന്ന വിഭാഗങ്ങൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

(1) 2007 ഡിസംബർ മുതൽ, സംസ്ഥാനത്ത് എച്ച്.റ്റി വാണിജ്യ ഉപഭോക്താക്കൾക്ക് താരിഫ് 3 രൂപ 20 പൈസയിൽ നിന്ന് 50 പൈസ വർദ്ധിപ്പിച്ച് 3 രൂപ 70 പൈസ ആയി ഉയർത്തിയിട്ടുണ്ട്.

(2) റെയിൽവേ ട്രാക്ഷൻ താരിഫ് :- ഡിമാന്റ് ചാർജ്ജ് പ്രതിമാസം 230 രൂപ/കെ.വി.എയിൽ നിന്നും 15 രൂപ വർദ്ധിപ്പിച്ച് 245 രൂപ/കെ.വി.എ ആയി ഉയർത്തിയിട്ടുണ്ട്. കൂടാതെ എനർജി ചാർജ്ജ് 2 രൂപ 25 പൈസയിൽ നിന്നും 2 രൂപ 90 പൈസ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(3) എൽ.റ്റി (VI)(ഡി) അനാഥാലയങ്ങൾ തുടങ്ങിയവയുടെ താരിഫ് 10 പൈസ വർദ്ധിപ്പിച്ചിട്ടുണ്ട്.

(4) ലൈസൻസികളുടെ താരിഫ് :- 2006-2011 കാലഘട്ടത്തിൽ ലൈസൻസികൾക്കുള്ള താരിഫിന്റെ വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| വിഭാഗം | ഒക്ടോബർ - 2002 മുതൽ നവംബർ - 2007 വരെ | | ഡിസംബർ - 2007 മുതൽ നവംബർ - 2010 വരെ | | ഡിസംബർ - 2010 മുതൽ ജൂൺ -2012 വരെ | |
|---|---|---|---|---|---|---|
| | പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി.എ) | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ് | പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി.എ) | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) | പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി.എ) | എനർജി ചാർജ്ജ് (രൂപ/ യൂണിറ്റ്) |
| 11 കെ.വി | 255 | 2.15 | 270 | 2.85 | 270 | 3.28 |
| 66 കെ.വി | 240 | 2.05 | 260 | 2.75 | 260 | 3.16 |
| 110 കെ.വി | 225 | 2.05 | 245 | 2.75 | 245 | 3.16 |

(5) കൂടാതെ, 2006 ജനുവരി മുതൽ ഗാർഹിക ഉപഭോക്താക്കൾക്ക് 20 പൈസയുടെ ഇളവ് അനുവദിച്ചത് 2007 ഡിസംബർ മുതൽ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ഡി) അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത് ഏത് വർഷത്തിലാണ്?

(ഡി) 2012 ജൂലൈ 1 നു മുമ്പ് അവസാനമായി താരിഫ് സമഗ്രമായി പരിഷ്കരിച്ചത് 2002 ഒക്ടോബറിലാണ്.

സെക്ഷൻ ഓഫീസർ